**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5150** **21-07-2022 - ൽ മറുപടിയ്ക്ക്**

**പച്ചത്തേങ്ങ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ പച്ചത്തേങ്ങ സംഭരണ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ VFPCK വിപണി മുഖേന 15 സംഭരണ കേന്ദ്രങ്ങളിലൂടെ കർഷകരിൽ നിന്നും കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തൊണ്ട് കളഞ്ഞ പച്ചത്തേങ്ങ സംഭരിക്കുകയും , സംഭരിച്ച നാളികേരത്തിന്റെ വില കർഷകരുടെ അക്കൗണ്ടിൽ നൽകുകയും ചെയ്യുന്നുണ്ട്. 14/07/2022 വരെ 832 കർഷകരിൽ നിന്നും 313.2795 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയും 30/06/2022 വരെയുള്ള സംഭരിച്ച പച്ചത്തേങ്ങയുടെ വില കർഷകരുടെ അക്കൗണ്ടിൽ നൽകുകയും ചെയ്തിട്ടുണ്ട്. 05/07/2022, 07/07/2022 ,12/07/2022, 14/07/2022 എന്നീ തീയതികളിൽ സംഭരിച്ച പച്ചത്തേങ്ങയുടെ വില കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പാലക്കാട് ജില്ലയിൽ കേരഫെഡിന് എത്ര സംഭരണകേന്ദ്രങ്ങളുണ്ട്; വിശദാംശം ലഭ്യമാക്കുമോ; നാളികേര സംഭരണത്തിനായി ജില്ലയിൽ എത്ര സ്വാശ്രയസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ? | (ബി) | പാലക്കാട് ജില്ലയിൽ കേരഫെഡിന് നേരിട്ടുള്ള സംഭരണ കേന്ദ്രങ്ങളില്ല . എന്നാൽ VFPCK വിപണി മുഖേന 15 സംഭരണ കേന്ദ്രങ്ങളിലൂടെ കർഷകരിൽ നിന്നും പച്ചത്തേങ്ങ കേരാഫഡ് സംഭരിച്ച് വരുന്നുണ്ട്. ചുവടെ ചേർക്കുന്ന സ്വയം സ്വാശ്രയസംഘങ്ങളിലൂടെ കർഷകരിൽ നിന്നും കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നാളികേര സംഭരണം നടത്തി വരുന്നു.<br><br>അലനെല്ലൂർ, കൊട്ടേപ്പാടം, വിയ്യകുറിശ്ശി, അഗളി, കാഞ്ഞിരപ്പുഴ, പുതുപ്പരിയാരം, മലമ്പുഴ, വടകരപ്പതി, പെരുമാട്ടി, മൂച്ചക്കുണ്ട്, കിഴക്കഞ്ചേരി, വാണിയംകുളം ത്രിക്കടേരി, കരിമ്പുഴ, കോട്ടായി. |

സെക്ഷൻ ഓഫീസർ